File No.HEALTH-M3/90/2020-HEALTH

ED(D)

8/6 - 2/6/2020

"ഭരണഭാഷ- മാതൃഭാഷ" 31320

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന 2020 മെയ് 31-ന് വിരമിച്ച ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1005/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- 1) സ.ഉ.(സാധാ) നം. 687/2020/ആ.കു.വ തീയതി 01/04/2020

2) സ.ഉ. (സാധാ) നം.819/2020/ആ.കു.വ തീയതി 30/04/2020.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/04/2020 തീയ്യതിയിലെ ഇ.ഡി.(ഡി) - 45/2020 /ആ.വ.ഡ .നമ്പർ കത്ത്

**ഉത്തരവ്**

മേൽ പരാമർശിത സർക്കാർ ഉത്തരവുകൾ പ്രകാരം 2020 മാർച്ച് 31-നും, 2020 ഏപ്രിൽ 30-നും വിരമിച്ച ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്തതിനുശേഷം വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിര നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ജൂൺ 30 വരെയോ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. കോവിഡ്-19 മഹാമാരിയെത്തുടർന്നുള്ള ചികിത്സ-പ്രതിരോധ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ, 31/05/2020 ന് വിരമിക്കുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാരെ അഡ്ഹോക് വ്യവസ്ഥയിൽ നിലനിർത്താൻ പരാമർശം (2) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2020 മെയ് 31-ന് വിരമിച്ച കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം വീണ്ടും ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്തതിനുശേഷം വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതുവരേയോ അല്ലെങ്കിൽ ജൂൺ 30 വരെയോ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനു.ബി**

**അഡിഷണൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by ANIL KUMAR D
Date: 2020.06.02 16:45:19 IST
Reason: Approved
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ഡി.(ഡി)-45/2020/ആരോ.
തീയതി 02.06.20

ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും സ്ഥാപന മേധാവികളുടെയും അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

2/6/2020
ആരോഗ്യവകുപ്പ് ഡയറക്ടർ

edl